No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എം.ബി.ബി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം–2020
## എൻ.ആർ.ഐ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച്

2020–21 അദ്ധ്യയന വർഷം ഏതാനും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സുകളിൽ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പുതുതായി പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ വിദ്യാർത്ഥികൾക്ക് കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാവുന്നതാണ്. ആൾ ഇന്ത്യാ ക്വാട്ടാ അഡ്മിഷൻ ലഭിച്ചവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിലൂടെയോ മോപ് അപ്പ് അലോട്മെന്റിലൂടെയോ നിലവിൽ സ്റ്റേറ്റ് ക്വാട്ടാ എം.ബി.ബി.എസ് അഡ്മിഷൻ ലഭിച്ചവരുമായ വിദ്യാർത്ഥികളെയും കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പരിഗണിക്കുന്നതല്ല. താത്പര്യമുള്ള വിദ്യാർത്ഥികൾ 22.02.2020 തീയതിയിലെ GO (Rt)375/2020/H&FWD സർക്കാർ ഉത്തരവ് പ്രകാരമുള്ള എൻ.ആർ.ഐ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ രേഖകളുമായി 29.12.2020 **രാവിലെ** 10.00 **മണിയ്ക്ക്** തിരുവനന്തപുരം ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ അഞ്ചാം നിലയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. എൻ.ആർ.ഐ സീറ്റിൽ പരിഗണിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ എല്ലാം ഹാജരാക്കാത്തവരോ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാത്തവരോ ആയ വിദ്യാർത്ഥികളെ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28.12.2020